# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജനുവരി 19, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

കെ. വി. വിജയദാസിന്റെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയിലെ അംഗമായ കെ. വി. വിജയദാസ് തലച്ചോറിലെ രക്തസ്രാവത്തെത്തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ രാത്രി തൃശ്ശൂർ മെഡിക്കൽ കോളേജിൽവച്ച് നിര്യാതനായി. എലപ്പുള്ളിയിൽ കെ. വേലായുധന്റെയും എ. താത്തയുടെയും മകനായി 1959 മേയ് 25-ന് ജനിച്ച അദ്ദേഹം കേരള സോഷ്യലിസ്റ്റ് യൂത്ത് ഫെഡറേഷനിലൂടെ രാഷ്ട്രീയ രംഗപ്രവേശനം നടത്തുകയും ഗ്രാമപഞ്ചായത്തംഗം എന്ന നിലയിൽ പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവരികയും ചെയ്തു. 1977-ൽ സി.പി.ഐ.(എം.) സിറ്റി ബ്രാഞ്ച് അംഗമായി പൊതുപ്രവർത്തനമാരംഭിച്ച അദ്ദേഹം ചിറ്റൂർ ഏരിയാ സെക്രട്ടറി,

പാലക്കാട് ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുകയും മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഭവിക്കുകയും ചെയ്തിട്ടുണ്ട്. തേനാരി ക്ഷീരോല്പാദന സഹകരണ സംഘം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ അദ്ദേഹം കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡംഗം, പ്രാഥമിക സഹകരണ സംഘം അസോസിയേഷൻ ജില്ലാ പ്രസിഡന്റ്, എലപ്പുള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റായ അദ്ദേഹം നടത്തിയ ദീർഘവീക്ഷണത്തോടെയുള്ള വികസന പ്രവർത്തനങ്ങളിലൊന്നായ 'മീൻവല്ലം ജലവൈദ്യുത പദ്ധതി' ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന ഏഷ്യയിലെ ആദ്യ ജലവൈദ്യുത പദ്ധതിയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തോടെ മികച്ച ഒരു സഹകാരിയെയും ലാളിത്യം മുഖമുദ്രയാക്കിയ ജനകീയ നേതാവിനെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയെയുമാണ് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കെ. വി. വിജയദാസിന്റെ അകാലനിര്യാണത്തിൽ സഭയുടെ വികാരത്തോടൊപ്പം ചേരുന്നു. കോവിഡ് ചികിത്സിച്ച് ഭേദമാക്കാൻ കഴിഞ്ഞെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ

ആരോഗ്യനില വഷളാവുകയും ഇന്നലെ അദ്ദേഹത്തെ രോഗം കീഴ്പ്പെടുത്തുകയും ചെയ്തു. അനാരോഗ്യത്തെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതുവരെ പാലക്കാട്ടെയും എലപ്പുള്ളിയിലെയും ജനങ്ങളോടൊപ്പം അദ്ദേഹമുണ്ടായിരുന്നു. കർഷകർക്കുള്ള വായ്പാ സഹായം, നെല്ല് സംഭരണം, ജലസേചനം ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങളിൽ ഇടപെടുകയും എല്ലാ കാലത്തും മുന്നിൽനിന്ന് പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹത്തിന് കക്ഷിപരിഗണനകൾക്കതീതമായ ജനകീയ അംഗീകാരം ലഭിച്ചിരുന്നു. തേനാരി ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ ആദ്യ പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡംഗം എന്നിങ്ങനെ സഹകരണ രംഗത്ത് മികച്ച സംഭാവന അദ്ദേഹത്തിൽ നിന്നുണ്ടായിട്ടുണ്ട്. കോങ്ങാടിന്റെയും പാലക്കാടിലെയും കർഷക ജനതയുടെ ആവശ്യവുമായി മുന്നിലെത്തുന്ന അദ്ദേഹത്തെ ഈ സഭയിലെ എല്ലാവരും സ്നേഹത്തോടെയാണ് കണ്ടിരുന്നത്. അദ്ദേഹത്തിന്റെ ആകസ്മികമായ അന്ത്യം കേരള ജനതയ്ക്കും ഈ സഭയ്ക്കും വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. കോവിഡും അതിനെത്തുടർന്നുള്ള

അസ്വസ്ഥതകളുംമൂലം ഒരു സഭാംഗത്തെക്കൂടി നഷ്ടപ്പെട്ടിരിക്കുകയാണ്. ചിരിച്ച മുഖവുമായി എല്ലാവരെയും സമീപിക്കുന്ന മനുഷ്യസ്നേഹിയായ കെ. വി. വിജയദാസിന്റെ അപ്രതീക്ഷിത വിയോഗം നമ്മെ ദുഃഖിപ്പിക്കുകയാണ്. സാധാരണ കർഷകത്തൊഴിലാളി കുടുംബത്തിൽ ജനിച്ച അദ്ദേഹം ജനങ്ങളുടെ പ്രശ്നങ്ങളിലിടപെട്ട് പോരാടിയ ജനനേതാവായിരുന്നു. മനുഷ്യസ്നേഹിയും ജനകീയനുമായ നല്ലൊരു പൊതുപ്രവർത്തകനെയാണ് കെ. വി. വിജയദാസിന്റെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളെ അനുശോചനവും അറിയിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പാലക്കാടിന്റെയും കർഷകരുടെയും അധ്വാനത്തിന്റെ തഴമ്പുപേറുന്ന കൈകളുമായി സഭയിലേയ്ക്ക് കടന്നുവന്ന നേതാവായിരുന്നു കെ. വി. വിജയദാസ്. എലപ്പുള്ളി പഞ്ചായത്ത് അംഗമായി തെരഞ്ഞെടുക്കപ്പെട്ടതുമുതൽ കോങ്ങാട് മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ മനസ് മുഴുവനും കൃഷിയും കർഷകരുമായിരുന്നു. പ്രത്യയശാസ്ത്രബോധവും വർഗ്ഗബോധവുമാണ്

അദ്ദേഹത്തെ നയിച്ചിരുന്നത്. രാജ്യമാകെ കർഷകർക്കുവേണ്ടി പോരാടാനൊരുങ്ങുന്ന നിർണ്ണായക ഘട്ടത്തിൽ നമുക്ക് നഷ്ടമായത് ഒരു യഥാർത്ഥ കർഷക നേതാവിനെയാണ്. ഈ സഭയുടെ നഷ്ടത്തോടൊപ്പം ഒരു നാടിന്റെ നഷ്ടംകൂടിയാണ് വിജയദാസിന്റെ അപ്രതീക്ഷിത വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സഭയുടെ വികാരത്തോട് യോജിക്കുന്നു. മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ച കെ. വി. വിജയദാസ് ഒരു ജനകീയനായ വ്യക്തിയായിരുന്നു. എലപ്പുള്ളി ഗ്രാമപഞ്ചായത്തംഗം, പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ്, കോങ്ങാട് എം.എൽ.എ. എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം കാർഷിക സഹകരണ മേഖലയിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച നേതാവായിരുന്നു. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദ്ദേഹം മുൻഗണന നൽകിയിരുന്നു. കാർഷിക മേഖലയിൽ വ്യത്യസ്തവും നൂതനവുമായ ആശയങ്ങൾ നടപ്പിൽവരുത്തുന്നതിന് ശ്രദ്ധേയമായ നിർദ്ദേശങ്ങൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാടിനെ തുടർന്നുള്ള ദുഃഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. സി. കെ. നാണു</u> : കെ. വി. വിജയദാസിന്റെ നിര്യാണത്തിൽ സഭയിൽ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. കൃഷിക്കാരുടെയും പാലക്കാടിന്റെയും ആവശ്യങ്ങൾക്കുവേണ്ടി സഭയിൽ പോരാടിയ ജനസമ്മതനും സൗഹൃദശാലിയുമായ കെ. വി. വിജയദാസിന്റെ നിര്യണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: പ്രിയപ്പെട്ട സുഹൃത്തും സഹപ്രവർത്തകനുമായ കെ. വി. വിജയദാസിന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും വിഷമങ്ങളും നൊമ്പരങ്ങളും തന്റെ ജീവിതത്തിന്റെ പ്രശ്നമായി ഉൾക്കൊണ്ട് വൈകാരികതയോടുകൂടി സംസാരിക്കുന്ന ഒരു സമീപനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. കർഷകർക്കുവേണ്ടി പോരാടിയ അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): കെ. വി. വിജയദാസിന്റെ ദേഹവിയോഗത്തിൽ ഇവിടെ പ്രകടിപ്പിച്ച ഹൃദയവികാരത്തോട് യോജിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം പാലക്കാടിന്റെ രാഷ്ട്രീയ-സാംസ്കാരിക-സാമൂഹ്യ വിചാരങ്ങളെയും വികാരങ്ങളെയും ഉൾക്കൊള്ളുന്നതും പുതിയ തലമുറയ്ക്ക് പ്രചോദനമരുളുന്നതുമായിരുന്നു. അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: കെ. വി. വിജയദാസിന്റെ ദേഹവിയോഗത്തിൽ സഭയിൽ ഉയർന്നുവന്ന പൊതുവികാരത്തോട് പങ്കുചേരുന്നു. ലാളിത്യത്തിന്റെയും സൗമ്യതയുടെയും പ്രതീകവും എല്ലാവരോടും സ്നേഹത്തോടെ പെരുമാറുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ കുടുംബാംഗങ്ങളോടൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u> : കർഷകരുടെ അവകാശങ്ങൾക്കുവേണ്ടി എന്നും ശബ്ദം ഉയർത്തിയ അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായിരുന്നു നെല്ല്. നെൽ കർഷകർക്ക് ഏർപ്പെടുത്തിയ റോയൽറ്റി പദ്ധതി അദ്ദേഹത്തിന്റെ ആശയമായിരുന്നു. കൃഷിഭവനുകൾ കൃഷിയെക്കുറിച്ചുള്ള പ്രായോഗിക വിവരങ്ങൾ പകരുന്ന കേന്ദ്രങ്ങൾ ആകണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശമാണ് എല്ലാ ബ്ലോക്കുകളിലും കൃഷിവിജ്ഞാൻ കേന്ദ്രങ്ങൾ ആരംഭിക്കാൻ കൃഷിവകുപ്പിന് പ്രചോദനമായത്. എല്ലാ കാലത്തും ജനങ്ങളോടൊപ്പം പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിര്യാണം ഈ നാടിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: കർഷകജില്ലയായ പാലക്കാടിന്റെ യഥാർത്ഥ പ്രതിനിധിയായിരുന്നു കെ. വി. വിജയദാസ്. യഥാർത്ഥ കർഷകനായ അദ്ദേഹം കർഷകരുടെ പ്രശ്നങ്ങൾ പ്രകടിപ്പിക്കാൻ കിട്ടുന്ന അവസരങ്ങളെല്ലാം വിനിയോഗിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ എന്റെ

അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സഭയിൽ പ്രകടിപ്പിച്ച ഹൃദയവികാരത്തോട് യോജിക്കുന്നു. അദ്ദേഹം നല്ല കർഷക നേതാവും കർഷകരെ സഹായിക്കുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ അത്യധികമായ വേദനയുണ്ട്. കുടുംബാംഗങ്ങളോടൊപ്പം ഞാനും എന്റെ പാർട്ടിയും ദുഃഖത്തിൽ പങ്കുചേരുന്നു.

ശ്രീ. പി. സി. ജോർജ്: കെ. വി. വിജയദാസിന്റെ നിര്യാണത്തിൽ സഭയിൽ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിക്കുന്നു. അനുകരണീയമായ പ്രവർത്തനത്തിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച നേതാവിനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

സഭ രാവിലെ 09.25 -ന് പിരിഞ്ഞു.

**********